7. റോയൽ പ്രിന്റേഴ്സ്, ശിവകാശി - 20,40,000 കോപ്പി

(ഡി) ആവശ്യമായ മുഴുവൻ പാഠപുസ്തകങ്ങളുടെയും അച്ചടി യഥാ സമയം പൂർത്തിയാക്കാൻ വേണ്ടിയാണ് സ്വകാര്യ പ്രസ്സുകളെ ഏൽപ്പിച്ചത്.

(ഇ) കെ.ബി.പി.എസ്-ൽ അച്ചടിച്ച 1999-2000 വർഷത്തേയ്ക്കാവശ്യ മുള്ള എല്ലാ പാഠപുസ്തകങ്ങളും 31.10.99-ന് മുൻപ് വിതരണം ചെയ്തിട്ടുണ്ട്. ആവശ്യം കഴിഞ്ഞു ബാക്കി വന്ന ചില പാഠപുസ്തകങ്ങൾ അടുത്ത വർഷ ത്തേയ്ക്ക് ഉപയോഗിക്കാമെന്നുള്ളതുകൊണ്ട് അത് പിന്നീടാണ് കെ.ബി.പി.എ സ്സിൽ നിന്നും നീക്കിയത്. 1.12.99-ന് മുൻപ് എല്ലാ പാഠപുസ്തകങ്ങളും കെ. ബി.പി.എസ്സി ൽ നിന്നും മാറ്റുകയുണ്ടായി.

(എഫ്) മാറ്റമുള്ള പാഠപുസ്തകങ്ങളുടെ ആവിഷ്ക്കരണത്തിലും രച നയിലുമുണ്ടായ കാലതാമസവും വിതരണത്തിലുണ്ടായ പോരായ്മകളും കാരണം ചില പുസ്തകങ്ങളുടെ കാര്യത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ട്.

24 (465) പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും നട ത്തിയതിൽ കാലതാമസം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ :

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാ ഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷത്തിൽ പാഠപുസ്തകങ്ങളുടെ അച്ചടിയും വിതരണവും നടത്തിയതിൽ ഗുരുതരമായ കാലതാമസം ഉണ്ടായി എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) രണ്ടാം ടേം കഴിഞ്ഞിട്ടും പല പാഠപുസ്തകങ്ങളും പൂർണ്ണ മായും വിതരണം ചെയ്യാത്തതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഏതൊക്കെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ഇനിയും പൂർണ്ണമായും വിതരണം ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചില പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്.

(ബി) പേപ്പർ വാങ്ങുന്നതിലുണ്ടായ കാലതാമസമായിരുന്നു പ്രധാന കാരണം.

(സി) ഈ അദ്ധ്യയന വർഷത്തേക്ക് ആവശ്യമുള്ള എല്ലാ പാഠപു സ്തകങ്ങളും പൂർണ്ണമായും ഇതിനകം വിതരണം ചെയ്തു കഴിഞ്ഞു.

25 (466) ദേശീയ സ്കൂൾ കായികമേള

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സ്കൂൾ കായികമേളയിൽ വിജയം വരിച്ച അത്ലറ്റു കൾക്ക് എന്തൊക്കെ പാരിതോഷികങ്ങൾ പ്രോത്സാഹനമായി നൽകിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly